ഫെസ്റ്റിവെൽ അലവൻസ് ഗവൺമെൻറ് കത്തു നമ്പർ 41952/ജി3/86/ഗ്രാ. വി. വ. തീയതി 1-9-1986 പ്രകാരം അനുവദിച്ചിരുന്നു.

ബ്ലോക്ക് ഓഫീസുകൾ

*271. [292] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ബ്ലോക്ക് ആഫീസുകൾ ഉണ്ട് ;

(ബി) നിലവിലുള്ള ബ്ലോക്കാഫീസുകൾ പുനർ നിർണ്ണയം ചെയ്യാൻ ഉദ്ദേശമുണ്ടോ ;

(സി) പുതിയ ബ്ലോക്കുകൾ രൂപവൽക്കരിക്കുവാൻ ഉദ്ദേശമുണ്ടോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) 151

(ബി, സി) ജനസംഖ്യയിലുണ്ടായ വർദ്ധനവ്, വിസ്തൃതി, ഭരണപരമായ ആവശ്യങ്ങൾ എന്നിവ പരിഗണിച്ച് ചില ബ്ലോക്കുകൾ വിഭജിക്കുകയോ അതിർത്തി പുനർനിർണ്ണയിക്കുകയോ ചെയ്യുന്ന കാര്യം ഗവൺമെൻറ് പരിശോധിച്ചുവരുന്നു.

ഗ്രാമീണ വനിതാ ശിശു വികസന പരിപാടി

*272. [293] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. യുടെ ഭാഗമായി സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ഗ്രാമീണ വനിതാ ശിശു വികസന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത പരിപാടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പാലക്കാടും വയനാടും ജില്ലകളിൽ.

(ബി) സംയോജിത ഗ്രാമവികസന പരിപാടിയുടെ ഒരു ഉപ പദ്ധതിയാണ് ഗ്രാമീണ വനിതാ ശിശു വികസന പരിപാടി. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ഗ്രാമീണ സ്ത്രീകളുടെയും കുട്ടികളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് പൊതുവെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി സ്ത്രീകളെ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് സംയോജിത ഗ്രാമവികസന പരിപാടിയുടെ പ്രയോജനം അവർക്ക് ലഭ്യമാക്കുന്നു. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അമ്മമാർക്ക് തങ്ങളുടെ കുഞ്ഞുങ്ങളെ ശ്രദ്ധിക്കുന്നതിനു സഹായകരമായ സേവനവും ഈ പദ്ധതി മൂലം ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly